മത്സ്യത്തൊഴിലാളി ക്ഷേമനിധി പെൻഷൻ

228 (1984) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും പെൻഷന് അർഹത നേടിയിട്ടുള്ളവർ പെൻഷൻ ലഭിക്കുവാൻ എത്തെല്ലാം രേഖകളാണ് നൽകേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിലേക്ക് വരുമാന സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ടോ :

(സി) എത്ര രൂപ വരെ പ്രതിവർഷ വ്യക്തിഗത വരുമാനമുള്ളവർക്കാണ് പെൻഷന് അർഹതയുള്ളതെന്ന് വ്യക്തമാക്കുമോ :

(ഡി) ക്ഷേമനിധിയിൽ അംഗമായി വിഹിതം അടച്ച് 60 വയസ്സ് പൂർത്തിയായവർ പെൻഷൻ ലഭിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടിവരുന്നതും വ്യക്തിഗത വരുമാനം നിശ്ചിത തുകയിൽ താഴെയായിരിക്കണമെന്നുമുള്ള വ്യവസ്ഥകൾ ഒഴിവാക്കാൻ നടപടി ഉണ്ടാകുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും വാർദ്ധക്യകാല പെൻഷന് അർഹത നേടിയിട്ടുള്ളവർ പെൻഷൻ കൈപ്പറ്റുന്ന സമയത്ത് ക്ഷേമനിധി ബോർഡ് നൽകിയിട്ടുള്ള പാസ്ബുക്ക് ഹാജരാക്കേണ്ടതാണ്. മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് നൽകുന്ന പെൻഷൻ (വിധവാ പെൻഷൻ) കൈപ്പറ്റാൻ വരുന്ന സമയത്ത പുനർ വിവാഹം ചെയ്തിട്ടില്ലെന്ന് വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും ക്ഷേമനിധി ബോർഡ് നൽകിയിട്ടുള്ള പെൻഷൻ പാസ്ബുക്കും ഹാജരാക്കേണ്ടതാണ്.

(ബി) മത്സ്യത്തൊഴിലാളി പെൻഷൻ കൈപ്പറ്റുന്നതിനായി വരുമാന സർട്ടിഫിക്കറ്റ് നൽകേണ്ടതില്ല. എന്നാൽ പെൻഷൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്.

(സി) മത്സ്യത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വ്യക്തിഗത വാർഷിക വരുമാനപരിധി 5,000 രൂപയാണ്.

(ഡി) പരിശോധിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്കുള്ള സഹായം

227 (1985) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന ജോലിക്കിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന സഹായ പദ്ധതികൾ ഏതൊക്കെ ആണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഈ സർക്കാർ അധികാരമേറ്റശേഷം നടപ്പിലാക്കിയ പുതിയതും വർദ്ധിപ്പിച്ചതുമായ കാര്യങ്ങൾ ഏതൊക്കെയാണ് ;

(സി) മത്സ്യ ബോർഡ് വഴി നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പ്രകാരമുള്ള സഹായം അനുവദിക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ;

(ഡി) മത്സ്യത്തൊഴിലാളികൾ മരണപ്പെട്ട കേസിൽ ഏത് വർഷം വരെയുള്ള ഇൻഷ്വറൻസ് തുക കൊടുത്തു ;

(ഇ) ബാക്കിയുള്ളവർക്ക് എന്നത്തേക്ക് തുക കൊടുക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മത്സ്യഫെഡ് മുഖേന നടപ്പിലാക്കിവരുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടത്തിൽ മരിക്കുകയോ പൂർണ്ണ അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്ന മത്സ്യതൊഴിലാളികളുടെ ആശ്രിതർക്ക് 3 ലക്ഷം രൂപയുടെയും ഭാഗികമായി അംഗവൈകല്യത്തിന് 1.50 ലക്ഷം രൂപയുടെയും നിബന്ധനകൾക്ക് വിധേയമായി ആശുപത്രി ചെലവും ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടംമൂലം മരണപ്പെടുകയോ മത്സ്യബന്ധന വേളയിൽ കടലിൽ കാണാതാവുകയോ ചെയ്യുമ്പോൾ ആശ്രിതർക്ക് ധനസഹായമായി 2 ലക്ഷം രൂപയും കുട്ടികളുടെ വിദ്യാഭ്യാസത്തിന് രണ്ട് കുട്ടികൾക്ക് പരമാവധി 10,000 രൂപയും ശവസംസ്കാര ചടങ്ങിന് 2,000 രൂപയും മരണപ്പെടുന്നയാളിന്റെ ഭാര്യയ്ക്ക് വിധവാ പെൻഷനും നൽകിവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യഫെഡ് മുഖേനയും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയും പുതുതായി നടപ്പിലാക്കിയതും ധനസഹായം വർദ്ധിപ്പിച്ചതുമായ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. ഗ്രൂപ്പ് ഇൻഷ്വറൻസ് പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി ചർച്ച നടത്തിയതിനെ തുടർന്ന് ഇപ്പോൾ ധനസഹായം അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) അപകടംമൂലം മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് കമ്പനിയുടെ സഹകരണത്തോടെ 2009-10 വരെയുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ഇ) ഇൻഷ്വറൻസ് കമ്പനിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന പദ്ധതിയായതിനാൽ ഇൻഷ്വറൻസ് കമ്പനി തീർപ്പ് കൽപ്പിച്ച് ധനസഹായം അനുവദിക്കുന്ന മുറയ്ക്ക് തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly